ഭൂരഹിതരായ ആദിവാസികൾ

103 [1448] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂരഹിതരായ എത്ര ആദിവാസികളുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് സർക്കാർ ഭൂമി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓരോരുത്തർക്കും എത്ര വീതം ഭൂമി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതുവരെയായി എത്ര ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്. ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുവരെ 5,392.92 ഏക്കർ ഭൂമി 3,253 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

മാധവമേനോൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ പ്രവർത്തനം

104 [1449] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാര നിർദ്ദേശത്തിനുമായി നിയുക്തമായ മാധവ മേനോൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ പ്രവർത്തനവും നിലവിലുള്ള സ്ഥിതിയും എന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിനായി രൂപീകൃതമായ ശ്രീ. ടി. മാധവ മേനോൻ അദ്ധ്യക്ഷനായ സമിതി 2005 മേയ് മാസത്തിൽ പ്രവർത്തനം ആരംഭിച്ചു. ഈ സമിതി അട്ടപ്പാടിയിൽ സന്ദർശനങ്ങൾ നടത്തുകയും ജനപ്രതിനിധികളുമായും വിവിധ വകുപ്പുതല ഉദ്യോഗസ്ഥൻമാരുമായും ചർച്ചകൾ നടത്തുകയും ചെയ്തു. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[19-7-2005-ലെ 77 (1618)-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം കാണുക.]

Number of Panchayath Management Schools

Districts	*HS*	*UPS*	*LPS*	*Total*
Thiruvananthapuram	1	6	7	14
Kollam	5	3	5	13
Pathanamthitta	2	0	0	2
Alappuzha	1	1	9	11
Kottayam	0	0	5	5
Idukki	2	2	9	13
Ernakulam	0	3	4	7
Thrissur	2	0	4	6
Palakkad	3	0	4	7
Malappuram	0	2	2	4
Kozhikkode	1	1	1	3
Wayanad	0	1	5	6
Kannur	3	0	1	4
Kasargod	0	1	2	3
Total	20	20	58	98

അനുബന്ധം VI

[19-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 103 (1448) കാണുക.]

നമ്പർ	ജില്ല	ഭൂരഹിതർ 2001
(1)	(2)	(3)
1	കാസർഗോഡ്	226
2	കണ്ണൂർ	1395
3	വയനാട്	13303
4	കോഴിക്കോട്	318
5	മലപ്പുറം	339
6	പാലക്കാട്	5389
7	തൃശ്ശൂർ	271
8	എറണാകുളം	132
9	ഇടുക്കി	190
10	കോട്ടയം	153
11	ആലപ്പുഴ	117
12	പത്തനംതിട്ട	68
13	കൊല്ലം	138
14	തിരുവനന്തപുരം	13
	ആകെ	22052

LIBRARY ARCHIVES Kerala Legislative Assembly